# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1047

14.01.2021 ൽ മറുപടിയ്ക്ക്

## നൈപുണ്യ വികസന പദ്ധതികൾ

| *ചോദ്യം*<br>ശ്രീമതി ഇ.എസ്.ബിജിമോൾ: | *ഉത്തരം*<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാവസായിക പരിശീലന മേഖലയിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ള നൈപുണ്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **(എ)** ഈ സർക്കാർ നിലവിൽ വന്നശേഷം വ്യാവസായിക പരിശീലന മേഖലയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1) പുതുതായി 22 ഐ.ടി.ഐ-കൾ ആരംഭിച്ചു.<br>2)ഐ.ടി.ഐ.കളിൽ നിർമ്മിക്കുന്ന ഉല്പന്ന വിപണനത്തിനും ലഭ്യമായ സേവനങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനുമായി ഇതിനകം മൂന്ന് പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.<br>3) ട്രെയിനികൾക്ക് നൂതനമായി സാങ്കേതിക ജ്ഞാനം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ സാംസങ്ങ്, മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ്, FACT എന്നീ സ്ഥാപനങ്ങളുമായി കളമശ്ശേരി ഐ.ടി.ഐ കരാറിൽ ഏർപ്പെട്ടു.<br>4) ട്രെയിനികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അർഹമായ അംഗീകാരങ്ങൾ നൽകുന്നതിനുമായി ഇന്ത്യാ സ്കിൽസ് മത്സരങ്ങൾ സംഘടിപ്പിച്ചു.<br>5) ഐ.ടി.ഐ. വിദ്യാർത്ഥികളിൽ സംരഭകത്വം വളർത്തുന്നതിനായി ഉദ്യം ലേണിംഗ് ഫൗണ്ടേഷൻ എന്ന സ്ഥാപനവുമായി ചേർന്ന് 30 ഐ.ടി.ഐ.കളിൽ സംരംഭകത്വ വികസന പരിശീലന പരിപാടി നടത്തി.<br>6) ക്വസ്റ്റ് അലയൻസ് എന്ന സ്ഥാപനവുമായി ചേർന്ന് 5 വനിത ഐ.ടി.ഐ.കളിൽ കരിയർ ഡവലപ്മെന്റ് പ്രോഗ്രാമുകൾ നടത്തി. |

| | 2 |
|---|---|
| **(ബി)** ഈ സർക്കാർ കാലയളവിൽ എത്ര ഐ.ടി.ഐ.കൾ പുതുതായ് ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; നിലവിലുള്ള ട്രേഡുകളിൽ എത്ര യൂണിറ്റുകൾ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | **(ബി)** ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി 22 ഐ.ടി.ഐ-കൾ ആരംഭിച്ചു. നിലവിലുള്ള ട്രേഡുകളിൽ യൂണിറ്റുകൾ വർദ്ധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ